**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4427** **18-03-2025 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് അനുമതി നൽകി വരുന്നുണ്ടോ; ഇതിലൂടെ സംസ്ഥാനത്തെ സഹകരണ മേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ വിശദീകരിക്കുമോ; | (എ) | 2002 ലെ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്ത് Multi State Co-operative Societies (Amendment) ബിൽ പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ യഥേഷ്ടം സംസ്ഥാന സർക്കാരിന്റെ അനുവാദം കൂടാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് വഴിയൊരുക്കിയിട്ടുണ്ട്.<br><br>മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പ നൽകുന്നതിനും, പലിശ നിശ്ചയിക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങളോ നിയന്ത്രണങ്ങളോ ഇല്ല. ഇത്തരം സംഘങ്ങൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതും, സഹകരണ മേഖലയുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്നതുമാണ്. മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം, സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ഭീക്ഷണിയാണ്. പല മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും സംസ്ഥാന സഹകരണ സംഘങ്ങൾ നൽകുന്നതിനെക്കാൾ കൂടുതൽ പലിശ വാഗ്ദാനം ചെയ്ത് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിച്ച് നിക്ഷേപം തിരിച്ചുകൊടുക്കാനാവാത്തതും പ്രവർത്തനം അവസാനിപ്പിക്കുന്നതുമായ സാഹചര്യം നിലവിലുണ്ട്. ടി സാഹചര്യം പൊതുവായി സഹകരണ മേഖലയുടെ പ്രത്യേകിച്ച് സംസ്ഥാന മേഖലയുടെ വീഴ്ചയായി ചിത്രീകരിക്കുന്നതിനും ഇടയാക്കുന്നു. കേന്ദ്ര നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളെ സംസ്ഥാന നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | സാധാരണക്കാരായ പൊതുജനങ്ങൾക്ക് തിരിച്ചറിയുന്നതിന് കഴിയുകയില്ല. മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംസ്ഥാന സഹകരണ സംഘങ്ങളിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസ്യതയെ പ്രതികൂലമായി ബാധിക്കുകയും അത് സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നതിന് കാരണമാകുന്നതാണ്. |
| (ബി) | വായ്പാ സംഘങ്ങളെ നിയന്ത്രിക്കുന്നതിനായി കേന്ദ്രീകൃത നിയന്ത്രണ അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നീക്കം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി നാഷണൽ അർബൻ കോ-ഓപ്പറേറ്റീവ് ഫിനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ആയത് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമായിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ